**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.820 09.08.2017 ന് മറുപടിയ്ക്ക്.

**കാട്ടാനയെ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മൂന്നാറിലെ കണ്ണൻ ദേവൻ പ്ലാന്റേഷനിൽ കയറിയ കാട്ടാനയെ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മൂന്നാറിലെ കണ്ണൻ ദേവൻ പ്ലാന്റേഷനിൽ കയറിയ കാട്ടാനയെ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ ; | (ബി) കാട്ടാനയെ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് ദേവികുളം റെയിഞ്ചിൽ ഒ.ആർ.21/2017 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ബന്ധപ്പെട്ട പ്രതികളേയും, ജെ.സി.ബി-യും കസ്റ്റഡിയിൽ എടുക്കുകയും ചെയ്തിട്ടുണ്ട്. ടി കേസിൽ തുടർ അന്വേഷണം നടത്തി മറ്റു പ്രതികളെ കണ്ടു പിടിക്കുന്നതിനും കേസ് ചാർജ്ജ് ചെയ്യുന്നതിനുമുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (സി) വന്യ ജീവി സംരക്ഷണത്തിനും മനുഷ്യനും മൃഗങ്ങളുമായി ഉണ്ടാകുന്ന ഏറ്റുമുട്ടലുകൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) വന്യ ജീവി സംരക്ഷണത്തിനും മനുഷ്യനും മൃഗങ്ങളുമായി ഉണ്ടാകുന്ന ഏറ്റുമുട്ടലുകൾ ഒഴിവാക്കുന്നതിനും താഴെ പറയുന്ന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>2. വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.<br>3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ. |

5.പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണം മൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10 ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

മൂന്നാർ പ്രദേശങ്ങളിൽ കൃഷിക്കും, വീടുകൾക്കും നാശനഷ്ടം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ട അരിക്കൊമ്പൻ എന്ന ആനയെ തമിഴ് നാട്ടിൽ നിന്നെത്തിച്ച കുങ്കിയാനകളുടെ സഹായത്താൽ ഉൾക്കാട്ടിലേക്ക് തുരത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി. ഈ ആനയെ മയക്കുവെടി വെച്ച് പിടിക്കാനുള്ള ശ്രമം വിജയിച്ചില്ല.

Latheesh

സെക്ഷൻ ഓഫീസർ